(ഇ) മേൽ സൂചിപ്പിച്ച ആദ്യത്തെ നാലു പദ്ധതികളുടെ ക്ലിയറൻസ് സംബന്ധിച്ച നടപടികൾ നടന്നുവരുന്നതേയുള്ളു.

വാട്ടർ അതോറിറ്റി നൽകുന്ന ബില്ലുകൾ സംബന്ധിച്ച് ലഭിക്കാറുള്ള പരാതികൾ

19 (*200) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വി. ജെ. പൗലോസ്:
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി നൽകുന്ന കുടിവെള്ളത്തിന്റെ ബില്ലുകൾ സംബന്ധിച്ച് ലഭിക്കാറുള്ള പരാതികൾ എന്തെല്ലാമാണ് ;

(ബി) ഈ പരാതികൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(സി) കുടിവെള്ളത്തിന്റെ ബില്ലുകൾ സംബന്ധിച്ച് നൽകുന്ന പരാതികൾക്ക് വേണ്ട പരിഗണന നൽകാതെ വാട്ടർ അതോറിറ്റി തള്ളിക്കളയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുമൂലം വെള്ളക്കരം നൽകുവാൻ താമസം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഈ വിഷയത്തെക്കുറിച്ച് അന്വേഷിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) ഉപയോഗിച്ച വെള്ളത്തിന്റെ അളവ്, ഈടാക്കുന്ന ചാർജ്ജ് എന്നിവ വ്യക്തമായി ബില്ലിൽ കാണിക്കാത്തതുമൂലമുള്ള പരാതികൾ, കുടിശ്ശിക തുകയെക്കുറിച്ചുള്ള പരാതികൾ, കൂടുതലായി അടയ്ക്കേണ്ടി വരുന്ന തുക സംബന്ധിച്ച പരാതികൾ എന്നിവയാണ് ഇക്കാര്യത്തിൽ പൊതുവായി ലഭിക്കാറുള്ളത്.

(ബി) ബില്ലിലെ അവ്യക്തത സംബന്ധിച്ച പരാതികൾ പരിഹരിച്ചുകൊണ്ട് ഉപയോഗിച്ച ജലത്തിന്റെ അളവ്, കാലയളവ്, വെള്ളത്തിന്റെ നിരക്ക്, ഈടാക്കുന്ന സർവ്വീസ് ചാർജ് ഇവ കാണിച്ചുകൊണ്ടുള്ള ബില്ലാണ് ഇപ്പോൾ നൽകുന്നത്. കുടിശ്ശിക ബില്ലു സംബന്ധിച്ച പരാതികളിൽ കൂടുതലായി തുക ഈടാക്കേണ്ടി വരുന്ന സാഹചര്യം ഉപഭോക്താക്കളെ ധരിപ്പിച്ചിട്ടുണ്ട്. വാട്ടർ മീറ്റർ ക്രമാതീതമായി ഓടുന്നതു കാരണം വെള്ളക്കരം വർദ്ധിച്ചതായ പരാതികളിൽ മീറ്റർ പരിശോധിച്ചശേഷം ചാർജിൽ ഭേദഗതി വരുത്തി പുനർ നിർണ്ണയം നടത്താറുണ്ട്. മീറ്റർ കേടുപാടുകൾ തീർത്തു സ്ഥാപിക്കുകയോ പുതിയ മീറ്റർ സ്ഥാപിക്കുകയോ ചെയ്തശേഷം രണ്ടു മാസത്തെ റീഡിംഗ് നോക്കി പുനർ നിർണ്ണയം ചെയ്യുകയും കൂടുതലായി തുക അടച്ചിട്ടുണ്ടെങ്കിൽ അതു തുടർന്നു വരുന്ന ബില്ലിൽ അഡ്ജസ്റ്റു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു കൊടുക്കാറുണ്ട്. മീറ്റർ പോയിന്റിനുശേഷമുള്ള പൈപ്പു ലൈനിൽ ചോർച്ച കാരണം അമിത മീറ്റർ റീഡിംഗ് വരുന്ന പരാതികളിലും പ്രശ്നം പരിഹരിച്ചശേഷം വാട്ടർ ചാർജ് പുനർനിർണ്ണയം ചെയ്തു കൊടുക്കാറുണ്ട്. കൂടുതൽ പരാതികൾ ഒഴിവാക്കാനായി ദ്വൈമാസ ബില്ലിംഗ് സമ്പ്രദായം നടപ്പാക്കി വരുന്നു.

(സി) അങ്ങനെ ഒരു പൊതു പരാതി വന്നിട്ടില്ല. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന പരാതികളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ പ്രധാനപ്പെട്ട ഡിവിഷൻ ഓഫീസുകളിലെല്ലാം ഒരു റവന്യൂ ഓഫീസറുടെ മേൽനോട്ടത്തിൽ പരാതി പരിഹാരത്തിനായി ഒരു സെൽ പ്രവർത്തിച്ചു വരുന്നുണ്ട്. ബില്ലുകൾ സംബന്ധിച്ച് പരാതികൾ പരിഹരിക്കാൻ പരമാവധി ശ്രമിക്കാറുള്ളതായി കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഉപഭോക്താക്കളുമായി നേരിട്ട് ബന്ധപ്പെടേണ്ടി വരുന്ന ജീവനക്കാർക്ക് പ്രത്യേക പരിശീലനവും നൽകി വരുന്നുണ്ട്.

(ഡി) വിവിധ കാരണങ്ങളാൽ ഉണ്ടാകുന്ന പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനുണ്ടാകുന്ന കാലതാമസംമൂലം വെള്ളക്കരം ഈടാക്കാൻ താമസം വരുന്നുണ്ട്.

(ഇ) ഉദിക്കുന്നില്ല.

പരിസ്ഥിതി സംരക്ഷണവും വിനോദസഞ്ചാര വികസനവും

20 (*201) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാരത്തിന്റെ വികസനത്തിന് പരിസ്ഥിതി സംരക്ഷിക്കേണ്ട ആവശ്യകതയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എക്കോ ടൂറിസം പദ്ധതികളിൽ പരിസരമലിനീകരണം ഒഴിവാക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) വന്യജീവിസംരക്ഷണ കേന്ദ്രങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളായി മാറുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ,

(എ) ഇതുസംബന്ധിച്ച പഠനം നടത്തിവരുന്നു. കേരളത്തിലെ കായലുകളുടെ സമഗ്രവികസനം, വന്യമൃഗസംരക്ഷണം, കോവളത്തെ മലീനീകരണ പ്രശ്നങ്ങൾ, തെൻമല ഇക്കോ-ടൂറിസം പദ്ധതി എന്നിവ ഉൾപ്പെടെയുള്ള പദ്ധതികളിൽ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള പഠനങ്ങളാണ് നടത്തിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പല പദ്ധതികളും പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly